ഉത്തരം

(എ) ഉണ്ട്.

(ബി) നിർദ്ധനരായ പ്രവാസി കുടുംബാംഗങ്ങളെ സാമ്പത്തികമായി സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 1,00,000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പ്രവാസി കുടുംബങ്ങൾക്കാണ് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. ചെയർമാൻ ഫണ്ട് പദ്ധതിയിലൂടെ ചികിത്സാ, മരണാനന്തര, വിവാഹ ധനസഹായങ്ങൾ നൽകി വരുന്നുണ്ട്. നാളിതുവരെ ചെയർമാൻ ഫണ്ട് പദ്ധതിയിൽനിന്നും 981 പേർക്കായി 1,83,50,652 രൂപ അനുവദിച്ചിട്ടുണ്ട്.

(സി) നോർക്ക-റൂട്ട്സ് സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തുന്നതിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ 20 ശതമാനം ഉൾക്കൊള്ളിച്ചാണ് നോർക്ക-റൂട്ട്സ് ചെയർമാൻ ഫണ്ട് എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നത്. അർഹതയുള്ള തിരികെയെത്തിയ പ്രവാസികളായിരുന്ന കേരളീയർക്ക് നോർക്ക-റൂട്ട്സ് ഡയറക്ടർ ബോർഡിന്റെ അംഗീകാരത്തോടെയാണ് ചികിത്സ, മരണാനന്തര, വിവാഹ ധനസഹായങ്ങൾ നൽകിവരുന്നത്.

പ്രവാസികളുടെ ക്ഷേമം

79 (3281) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ ക്ഷേമത്തിനായുള്ള ഓരോ പദ്ധതികളുടെയും മാനദണ്ഡമടക്കമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രവാസികൾക്കായി ക്ഷേമനിധി ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) ഉണ്ട്. നിലവിൽ വിദേശത്ത് ജോലി ചെയ്യുന്നവർ, വിദേശത്തുനിന്ന് മടങ്ങിയവർ, കേരളത്തിനുപുറത്ത് ഇന്ത്യയിൽ ജോലി ചെയ്യുന്നവർ, വിദേശത്തുനിന്ന് കേരളത്തിലേയ്ക്ക് മടങ്ങിയെത്തി കേരളത്തിനുപുറത്ത് ഇന്ത്യയിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ജോലി ചെയ്യുന്നവർ എന്നീ വിഭാഗത്തിലുള്ളവരാണ് കേരള പ്രവാസി കേരളീയ ക്ഷേമനിധിയിൽ അംഗങ്ങളായുള്ളത്. ഇവർ അംശദായമായി പ്രതിമാസം അടയ്ക്കേണ്ട തുക യഥാക്രമം 300, 100, 100, 50 രൂപ വീതമാണ്. പ്രവാസി ക്ഷേമനിധിയിൽ അംഗമായി ചേരുവാനുള്ള പ്രായം, 18-നും 55-നും മദ്ധ്യേയാണ്. 55 വയസ്സ് എന്നുള്ളത് 60 ആയി വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. പ്രതിമാസ പെൻഷൻ കൂടാതെ ഈ പദ്ധതിയിൻകീഴിൽ കുടുംബ പെൻഷൻ, അവശത പെൻഷൻ, മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസ ഗ്രാന്റ് എന്നീ ആനുകൂല്യങ്ങളും നൽകിവരുന്നു.

ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ്

80 (3282) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(ബി) തിരികെയെത്തിയ പ്രവാസികളെ സംരംഭകരാക്കുന്നതിന് മാർഗ്ഗ നിർദ്ദേശം നൽകുകയും മൂലധന സബ്സിഡിയും പലിശ സബ്സിഡിയും നൽകുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് പുതിയ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങൽ നൽകുക, തിരികെയെത്തിയ പ്രവാസികളുടെ ജീവിതമാർഗ്ഗത്തിനായി ഒരു സുസ്ഥിര സംരംഭക മാതൃക വികസിപ്പിക്കുക എന്നതും പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളാണ്.

LIBRARY ARCHIVES Kerala Legislative Assembly